(സി) ഏതെല്ലാം മരുന്ന് കമ്പനികളിൽനിന്നുമാണ് ഇപ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഒഴിവാക്കി മരുന്ന് വാങ്ങിയിട്ടുള്ളത് ; വാങ്ങിയ ഇകയുടെ വിശദാംശം നൽകുമോ ?

(ഡി) ജനറിക് മരുന്നുകൾ മാത്രമാണോ മെഡിക്കൽ കോർപ്പറേഷൻവഴി വാങ്ങുന്നത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എം.എസ്.സി.എൽ.-വഴി ലഭ്യമല്ലാത്തതും അടിയന്തര ആവശ്യമുള്ളതുമായ മരുന്നുകൾ അതാത് സ്ഥാപന മേധാവികൾ സ്റ്റോർ പർച്ചേസ് നിയമങ്ങൾ അനുസരിച്ച് വാങ്ങിയിട്ടുണ്ട്.

(സി) കാരുണ്യ ഫാർമസി, മാവേലി മെഡിക്കൽ സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ തുടങ്ങിയ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽനിന്നുമാണ് മരുന്ന് വാങ്ങിയിട്ടുള്ളത്. വാങ്ങിയ തുകയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) ജനറിക് നാമത്തിലുള്ള മരുന്നുകളാണ് കോർപ്പറേഷൻ സംഭരിക്കുന്നത്. എന്നാൽ ഇതുകൂടാതെ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ബ്രാൻഡഡ് മരുന്നുകൾ വിപണി വിലയെക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കിവരുന്നുണ്ട്.

കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി

76 (768) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) താലൂക്ക് ആസ്ഥാനത്ത് സ്ഥിതിചെയ്യുന്ന ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നത്തേക്ക് താലൂക്ക് ആശുപത്രിയായി ഉയർത്തും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന പ്രൊപ്പോസൽ സജീവ പരിഗണനയിലാണ്.

(ബി) ശിപാർശ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly